GOVERNMENT OF TAMILNADU

മൂന്നാം ക്ലാസ്

STANDARD THREE

TERM - 1

ഘട്ടം - 1

മലയാളം

MALAYALAM READER

Department of School Education

Untouchability is inhuman and a crime

Government of Tamil Nadu

First Edition - 2026

(Published under New Syllabus in Trimester Pattern)

Price : Rs.

A call can change your life (24×7 toll free helplines for children below 18 years)

If you are forced into
Child Marriage or Child Labour,
If you are Emotionally,
Physically, Sexually
Harassed or Abused,

If you feel unsafe dial CHILDLINE 1098 Night & Day

Caller details will be kept confidential

If you are feeling Threatened or being Abused or Harassed – Emotionally, Physically or Sexually,
If you are feeling unsafe,
If you need guidance for Examinations or Higher Education

Dial 14417

Caller details will be kept confidential

Content Creation

State Council of Educational Research and Training

© SCERT 2026

Printing & Publishing

Tamil Nadu Textbook and Educational Services Corporation

Foreword

The early years of childhood are a time of wonder-when curiosity is boundless, imagination is vivid, and every experience becomes a step in the journey of learning. These textbooks for Classes 1 to 3 have been developed to honour this spirit, creating a learning experience that is joyful, meaningful, and engaging.

Developed as part of the **Tamil Nadu State Education Policy-2025**, these books mark a significant step towards strengthening foundational education in the State. The vision and direction provided by the **Hon'ble Minister for School Education** have ensured that the policy's emphasis on child-centred, competency-based, and inclusive learning is meaningfully reflected in these materials.

The leadership of the **Additional Chief Secretary,** School Education has been instrumental in ensuring the integration of 21st-century skills and knowledge, and in shaping the textbooks into engaging story-driven learning experiences.

This is further reflected in a competency-based approach to curriculum and assessment that moves beyond rote learning to foster deep conceptual understanding and meaningful application. The integration of value education to build character, along with life skills, art and motor skill development, enables the holistic development of the child.

The members of the High-Level Curriculum Expert Committee, the Chairperson and the members of the Curriculum Development Committee, have provided constant guidance, shaping and refining these materials through their insights and expertise, alongside the contributions of educators and practitioners acknowledged elsewhere in this book.

At this foundational stage, learning must build strong foundations while supporting the overall development of the child. These textbooks bring together a carefully designed set of features that make learning active, engaging, and meaningful:

- Opportunities for speaking and listening, building confidence in expression
- Activities that strengthen logical thinking and conceptual understanding
- Integrated spaces for reading and writing practice within lessons
- Fine and gross motor skill development through drawing, colouring, tracing, and movement-based tasks
- Simple avenues for independent learning and self-reflection

The books also integrate values and life skills, helping children develop empathy, cooperation, responsibility and confidence.

Learning is guided by a competency-based approach that moves beyond memorisation towards understanding and application. Assessment is embedded within the learning process, making it continuous, meaningful and supportive.

These textbooks are learning companions that invite children to explore, think and express. They represent a shared commitment to enabling every child to learn with joy, grow with confidence, and build a strong foundation for the future-advancing a vision of **"Education reimagined, inclusive, equitable, and future-ready".**

DIRECTOR
State Council of Educational
Research and Training (SCERT)
Tamil Nadu

THE CONSTITUTION OF INDIA

PREAMBLE

WE, THE PEOPLE OF INDIA, having solemnly resolved to constitute India into a **SOVEREIGN SOCIALIST SECULAR DEMOCRATIC REPUBLIC** and to secure to all its citizens:

JUSTICE, social, economic and political;

LIBERTY of thought, expression, belief, faith and worship;

EQUALITY of status and of opportunity;

and to promote among them all

FRATERNITY assuring the dignity of the individual and the unity and integrity of the Nation;

IN OUR CONSTITUENT ASSEMBLY this twenty-sixth day of November, 1949, do **HEREBY ADOPT, ENACT AND GIVE TO OURSELVES THIS CONSTITUTION.**

ദേശീയ ഗാനം

ജനഗണമന അധി നായക ജയഹേ
ഭാരത ഭാഗ്യവിധാതാ
പഞ്ചാബ് സിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്കല വംഗാ
വിന്ധ്യ ഹിമാചല യമുനാ ഗംഗാ
ഉച്ഛല ജലധി തരംഗാ
തവശുഭ നാമേ ജാഹേ
തവശുഭ ആശിഷ മാഗേ
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗള ദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ ജയഹേ ജയഹേ
ജയ ജയ ജയ ജയഹേ!

-മഹാകവി രവീന്ദ്രനാഥ ടാഗോർ.

ദേശീയഗാനം-സാരം

ഭാരതഭൂമിയുടെ ഭാഗ്യവിധാതാവേ!ജനസമൂഹത്തിന്റെ ഹൃദയാധിനാഥനായ അങ്ങ് വിജയിക്കട്ടെ! പഞ്ചാബ്, സിന്ധ്, ഗുജറാത്ത്, മറാഠ, ദ്രാവിഡം, വംഗം ആദിയായ പ്രദേശങ്ങളും വിന്ധ്യഹിമാചലാദി പർവ്വതങ്ങളും മഹാസമുദ്രത്തിന്റെ തിരമാലകളും അങ്ങയുടെ ശുഭനാമം ഉരുവിട്ടുകൊണ്ടിരിക്കുന്നു.അങ്ങയുടെ മംഗളാശിസ്സുകൾ തേടിക്കൊണ്ടിരിക്കുന്നു.അങ്ങയുടെ ജയഗാഥകൾ പാടിക്കൊണ്ടിരിക്കുന്നു.ഭാരതഭൂമിയുടെ ഭാഗ്യവിധാതാവേ! ജനസമൂഹത്തിന് ഗുണപ്രദായകനായ അങ്ങ് മേൽക്കുമേൽ വിജയിക്കട്ടെ. അങ്ങേയ്ക്ക് മേൽക്കുമേൽ വിജയമുണ്ടാകട്ടെ.

തമിഴ്ത്തായ് വാഴ്ത്ത്

നീരാരും കടലുടുത്ത നിലമടന്തൈ ക്കെഴിലൊഴുകും
ശീരാരും വദനമെന ത്തികഴ്ഭരത ഖണ്ഡമിതിൽ
തെക്കണമും അതിർശിറന്ത തിരാവിട നൽതിരുനാടും
തക്കശിറു പിറൈനുതലും തരിത്തനറും തിലകമുമേ!
അത്തിലക വാസനൈപോൽ അനൈത്തുലകും ഇൻപമുറ
എത്തിശൈയും പുകഴ്മണങ്ക ഇരുന്തപെരും തമിഴണങ്കേ!
തമിഴണങ്കേ!
ഉൻ ശീരിളമൈ ത്തിറംവിയന്തു ശെയൽമറന്തു വാഴ്ത്തുതുമേ!
വാഴ്ത്തുതുമേ!
വാഴ്ത്തുതുമേ!

– 'മനോന്മണിയം' പെ. സുന്ദരനാർ.



തമിഴ് മാതൃവന്ദനം – ആശയം

തിരമാലകളുടെ ആരവത്തോടുകൂടിയ സമുദ്രമെന്ന നീലജലാശയമാകുന്ന പുടവയണിഞ്ഞ സ്ത്രീയുടെ അഴകാർന്നതും ഐശ്വര്യപൂർണ്ണവുമായ മുഖമായി ഭാരതഭൂമി പരിലസിക്കുന്നു. ഈ ഭൂവിഭാഗത്തിലെ ദക്ഷിണദേശത്ത് മികച്ചതും മനോജ്ഞവുമായ ദ്രാവിഡനാട് പ്രകാശിക്കുന്നു. കുങ്കുമ തിലകത്തിൽ നിന്ന് പ്രസരിക്കുന്ന സുഗന്ധമെന്ന പോലെ ലോകത്തിന് ആനന്ദം പ്രദാനം ചെയ്യും വിധം ദിക്കെങ്ങും കീർത്തി പരത്തി വിലസുന്ന തമിഴ് സ്ത്രീ രത്നമേ, എന്നെന്നും യൗവനയുക്തയായിരിക്കുന്ന ഭവതിയുടെ സവിശേഷ പ്രാവിണ്യം കണ്ട് അത്ഭുതാദരങ്ങളോടെ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു.

ആമുഖം

> **മധുരമധുരമീ മലയാളം...**
> **മധുമതി മനോഹരം മലയാളം.... – തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ.**

തമിഴ്നാടിന്റെ സവിശേഷമായ സംസ്കാരം, ഭാഷ, സാമൂഹിക പാരമ്പര്യം എന്നിവയ്ക്ക് മുൻഗണന നൽകിക്കൊണ്ട് തമിഴ്നാട് സംസ്ഥാന വിദ്യാഭ്യാസ നയം 2025 രൂപീകരിച്ചിട്ടുണ്ട്. ഇത് കുട്ടികൾക്കുള്ള നിർബന്ധിത വിദ്യാഭ്യാസത്തിന്റെ പ്രധാന ഏകീകൃത ഘടകമായി അടിസ്ഥാന സാക്ഷരതയെ' സൂചിപ്പിക്കുന്നു. തമിഴ്നാട്ടിലെ ഓരോ കുട്ടിയും പ്രായത്തിനനുസരിച്ചുള്ള കേൾവി, സംസാരം, വായന, എഴുത്ത് തുടങ്ങിയ ആജീവനാന്ത അടിസ്ഥാന ഭാഷാ നൈപുണ്യങ്ങൾ നേടണമെന്ന് ഇത് ഊന്നിപ്പറയുന്നു. എല്ലാ പാഠങ്ങളും പഠിക്കുന്നതിനുള്ള അടിസ്ഥാനം ഭാഷാപഠനമായതിനാൽ, കുട്ടികളുടെ സഹജമായ കഴിവുകൾ കണ്ടെത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും, സമൂഹത്തോട് ചേർന്ന് ജീവിക്കാൻ അവരെ സഹായിക്കുന്നതിനുമായാണ് ഈ പാഠപുസ്തകം രൂപകൽപ്പന ചെയ്തിരിക്കുന്നത്.

ചുറുചുറുക്കോടെ എന്തിനെയും അന്വേഷിച്ചു കണ്ടെത്തുന്ന കുട്ടികളുടെ സ്വഭാവം മനസ്സിലാക്കി, അവർക്ക് പ്രിയപ്പെട്ടതും അടുത്തറിയുന്നതുമായ കാര്യങ്ങൾ ഉൾപ്പെടുത്തി ഈ പുസ്തകത്തിലെ പാഠങ്ങൾ, പരിശീലനങ്ങൾ, ഭാഷാ ഗെയിമുകൾ എന്നിവ താഴെ പറയുന്ന രീതിയിൽ നൽകിയിരിക്കുന്നു.



പാഠ്യപദ്ധതി ഘടന

അക്ഷരങ്ങൾ പരിചയപ്പെടുത്തുന്നതിനായി വാക്കുകളെ കടങ്കഥകളിലൂടെ കുട്ടികൾ തന്നെ സ്വയം അന്വേഷിച്ചു കണ്ടെത്തുന്ന രീതിയിലാണ് പാഠഭാഗങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ഈ സമീപനം കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കുകയും പഠനത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. കുട്ടികൾ നേടേണ്ട അടിസ്ഥാന ഭാഷാ നൈപുണ്യങ്ങളായ കേൾവി, സംസാരം, വായന, എഴുത്ത് എന്നിവയ്ക്കായുള്ള പാഠങ്ങൾ പാഠപുസ്തകത്തിൽ താഴെ പറയുന്ന രീതിയിൽ നൽകിയിരിക്കുന്നു.

1. എന്റെ ലോകം

- കുട്ടികൾ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെക്കാനും, സന്തോഷത്തോടെ പാടാനും, വായനയിലേക്കും എഴുത്തിലേക്കും പ്രവേശിക്കാൻ അവരെ സജ്ജരാക്കുന്നതിനുമുള്ള പാഠം.

2. എന്റെ മലയാളം

- കടങ്കഥകളിലൂടെ സ്വരാക്ഷരങ്ങൾ അക്ഷരങ്ങളുടെ ശബ്ദം, രൂപം എന്നിവ തിരിച്ചറിയാൻ സഹായിക്കുന്ന പാഠം.

3. സ്നേഹമാണഖിലസാരമൂഴിയിൽ

- ലളിതമായ പാട്ടുകളിലൂടെ സ്വരാക്ഷരങ്ങളെ തിരിച്ചറിയാനും ഉച്ചരിക്കാനും സഹായിക്കുന്ന പാഠം.

അടിസ്ഥാന നൈപുണ്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പരിശീലന പ്രവർത്തനങ്ങൾ

കേൾവിയും സംസാരവും:
കേൾക്കുന്നത് മനസ്സിലാക്കുകയും സ്വന്തം ഭാഷയിൽ സംസാരിക്കുകയും ചെയ്യുക.

വായന:
അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് ഉച്ചരിക്കുക.

എഴുത്ത്:
അക്ഷരങ്ങളുടെ രൂപം മനസ്സിലാക്കി എഴുതുക.

പഠനനേട്ടങ്ങൾ ഉറപ്പാക്കുന്നതിനുള്ള മൂല്യനിർണ്ണയം

- പഠനനേട്ടങ്ങൾ വീണ്ടും ഓർത്തെടുക്കുന്ന ഭാഗം – ചെയ്തു പരിശീലിക്കാം
- പഠന ഫലങ്ങൾ വിലയിരുത്തുന്ന ഭാഗം – പഠനയാത്ര
- കുട്ടികൾ തങ്ങൾ പഠിച്ചത് സ്വയം മനസ്സിലാക്കുന്ന ഭാഗം – ഞാൻ പഠിച്ചത്
- ഓരോ യൂണിറ്റിലുമുള്ള വളർച്ച വിലയിരുത്തുന്ന ഭാഗം – ഞാൻ ചെയ്യും

ഗ്രൂപ്പ് പ്രവർത്തനങ്ങൾ: തനിച്ച് അല്ലെങ്കിൽ കൂട്ടായുള്ള പ്രവർത്തനങ്ങൾ.

കഥ, പാട്ട്, സംസാരം, വായന, എഴുത്ത്: ഇവയ്ക്കുള്ള തന്ത്രങ്ങൾ.

പഠന ഫലങ്ങൾ: കുട്ടികൾ കൈവരിക്കേണ്ട ലക്ഷ്യങ്ങൾ.

അധിക വിവരങ്ങൾ: പാട്ടുകൾ, കഥകൾ, പരിശീലനങ്ങൾ.

മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ (Rubrics)

ചുരുക്കത്തിൽ, ഓരോ കുട്ടിയും ആജീവനാന്ത പഠനത്തിന് ആവശ്യമായ ശക്തമായ അടിത്തറ നേടുന്നതിനൊപ്പം, അടിസ്ഥാന സാക്ഷരത എന്ന ലക്ഷ്യം കൈവരിക്കാനും ഈ പാഠപുസ്തകം സഹായിക്കുന്നു.

മലയാളം

യൂണിറ്റ്	ശീർഷകം	പേജ് നമ്പർ
1.	എന്റെ ലോകം	01
2.	എന്റെ മലയാളം	23
3.	സ്നേഹമാണഖിലസാരമൂഴിയിൽ	43

1 എന്റെ ലോകം

1. എന്നെക്കുറിച്ച്.....

(കുട്ടികൾക്ക് സ്വയം പരിചയപ്പെടുത്താൻ ഏറ്റവും അനുയോജ്യമായ രീതിയാണിത്.)

എന്റെ പേര്: _____.

ഞാൻ _____ ാം ക്ലാസ്സിലാണ് പഠിക്കുന്നത്.

എനിക്ക് _____ വയസ്സുണ്ട്.

എന്റെ വീട് _____ എന്ന സ്ഥലത്താണ്.

എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട നിറം _____ ആണ്.

2. എന്റെ കൊച്ചു കുടുംബം

(കുടുംബാംഗങ്ങളെക്കുറിച്ച് എഴുതാൻ ഇത് സഹായിക്കും.)

എന്റെ അച്ഛന്റെ പേര് _____ എന്നാണ്.

എന്റെ അമ്മയുടെ പേര് _____ എന്നാണ്.

എനിക്ക് ഒരു _____ (അനുജൻ/അനുജത്തി/ചേട്ടൻ/ചേച്ചി) ഉണ്ട്.

ഞങ്ങൾ എല്ലാവരും ഒന്നിച്ച് ഭക്ഷണം കഴിക്കാൻ ഇഷ്ടപ്പെടുന്നു.

അമ്മ ഉണ്ടാക്കുന്ന _____ എനിക്ക് വലിയ ഇഷ്ടമാണ്.

ഞാൻ എന്നെക്കുറിച്ച്
പറയാം, നിങ്ങളും പറയുക.

3. എന്റെ വിദ്യാലയം

(സ്കൂളിനെക്കുറിച്ച് കുട്ടികൾക്ക് പറയാനുള്ള കാര്യങ്ങൾ.)

എന്റെ സ്കൂളിന്റെ പേര് _____ എന്നാണ്.

എനിക്ക് ഒരുപാട് കൂട്ടുകാരുണ്ട്. എന്റെ അടുത്ത കൂട്ടുകാരൻ/കൂട്ടുകാരി _____ ആണ്.

എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട വിഷയം _____ ആണ്.

എന്റെ വീട് _____ എന്ന സ്ഥലത്താണ്.

കളിസമയത്ത് ഞങ്ങൾ _____ കളിക്കാറുണ്ട്.

4. എന്റെ ഇഷ്ടങ്ങൾ

(കുട്ടികളുടെ താൽപ്പര്യങ്ങൾ കണ്ടെത്താൻ ഇത് സഹായിക്കും.)

എനിക്ക് ഇഷ്ടപ്പെട്ട പൂവ്: _____

എനിക്ക് ഇഷ്ടപ്പെട്ട മൃഗം: _____

എനിക്ക് ഇഷ്ടപ്പെട്ട കളി: _____

വലുതാകുമ്പോൾ എനിക്ക് ഒരു _____ ആകാനാണ് ആഗ്രഹം.

ഞാൻ എന്നെക്കുറിച്ച്
പറയാം, നിങ്ങളും പറയുക.

സ്വരാക്ഷരങ്ങൾ



വ്യഞ്ജനാക്ഷരങ്ങൾ



ചില്ലക്ഷരങ്ങൾ

കൂട്ടക്ഷരങ്ങൾ



അക്ഷരപ്പാട്ട്

അയിൽ തുടങ്ങട്ടെ പാട്ടൊരെണ്ണം
അമ്മയെയാണെനിക്കേറെ ഇഷ്ടം!

ആറാട്ടിനെത്തുന്ന ആനയെ കാണാൻ
ആലിൽക്കയറി ഇരിക്കാനിഷ്ടം!

ഇലയിട്ടു വിളമ്പിയ ഇലയടയിൽ
ഈച്ച വരുന്നത് ഇഷ്ടമില്ല!

ഉത്രാടനാളിലാ നട്ടുച്ച നേരത്ത്
ഊഞ്ഞാലിലാടുവാൻ ഇഷ്ടമില്ല!

ഋ എന്നെഴുതുവാൻ ഇഷ്ടമില്ല
ഋക്ഷത്തെ കാണുവാൻ ഇഷ്ടമാണ്!



എലിയെ പിടിക്കുവാൻ ഏണി വച്ച്
ഐലസ ഐലസ എന്ന് പാടാൻ
ഇഷ്ടമാണ് എനിക്കേറെ ഇഷ്ടമാണ്!

ഒറ്റയ്ക്കു നിൽക്കുന്ന ഓന്തിനെ കാണാൻ
ഔൽത്സുക്യമിന്നെനിക്കേറെയാണ്.

അം അം കഴിക്കാൻ ഇഷ്ടമാണ്!
അഃ അഃ എഴുതാനും ഇഷ്ടമാണ്!

വരികളിൽ നിന്ന് നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഭാഗങ്ങളിലെ ചിത്രങ്ങൾ വരയ്ക്കാം; നിറം നൽകാം.

ചിത്രങ്ങൾ നിരീക്ഷിച്ച് കഥ എഴുതി പൂർത്തിയാക്കാം.

ചിത്രം നോക്കി അഞ്ച് വാക്യങ്ങൾ എഴുതാം.

ചിഹ്നം ഓർമ്മിക്കാം

ഓ ചിഹ്നം (േ ാ)

ഓ ചിഹ്നം (േ ാ) ഉപയോഗിച്ചുള്ള പദങ്ങൾ കണ്ടെത്തി എഴുതുക

കഥ വായിച്ചു രസിക്കാം ഉത്തരം നൽകാം.

കണ്ണനും വിത്തും

വിതയ്ക്കുന്ന വാക്കുകൾ

ഒരിക്കൽ ഒരു ഗ്രാമത്തിൽ കണ്ണൻ എന്നൊരു കുട്ടി ഉണ്ടായിരുന്നു. അവൻ വളരെ വേഗത്തിൽ സംസാരിക്കുമായിരുന്നു. പക്ഷേ, പലപ്പോഴും ദേഷ്യം വരുമ്പോൾ മറ്റുള്ളവരെ വിഷമിപ്പിക്കുന്ന മോശം വാക്കുകൾ അവൻ പറയുമായിരുന്നു.

ഒരു ദിവസം കണ്ണന്റെ മുത്തശ്ശൻ അവനെ വിളിച്ചു കുറച്ച് വിത്തുകൾ കൊടുത്തു. എന്നിട്ട് പറഞ്ഞു: 'മോനേ, ഈ വിത്തുകൾ മുറ്റത്തെ മണ്ണിൽ എല്ലായിടത്തും വീശി എറിയൂ.' കണ്ണൻ സന്തോഷത്തോടെ അവ വായുവിലേക്ക് എറിഞ്ഞു. വിത്തുകൾ കാറ്റിൽ പറന്ന് പറമ്പിലാകെ പരന്നു.

അടുത്ത ദിവസം മുത്തശ്ശൻ പറഞ്ഞു: 'ഇനി നീ പോയി ആ വിത്തുകളെല്ലാം തിരികെ പെട്ടിയിലാക്കി കൊണ്ടുവരൂ'

കണ്ണൻ കുറെ ശ്രമിച്ചു. പക്ഷേ മണ്ണിൽ വീണ വിത്തുകൾ പെറുക്കിയെടുക്കാൻ അവന് കഴിഞ്ഞില്ല. പലതും കാറ്റിൽ ദൂരേക്ക് പോയിരുന്നു. കണ്ണൻ സങ്കടത്തോടെ മുത്തശ്ശന്റെ അടുത്തെത്തി.

അപ്പോൾ മുത്തശ്ശൻ പറഞ്ഞു: 'മോനേ, നമ്മുടെ വാക്കുകളും ഈ വിത്തുകൾ പോലെയാണ്. ഒരിക്കൽ നമ്മുടെ നാവിലൂടെ പുറത്തുവന്നാൽ അവ മറ്റുള്ളവരുടെ മനസ്സിൽ വീഴും. പിന്നെ അവ തിരികെ എടുക്കാൻ കഴിയില്ല. നല്ല വാക്കുകൾ വിതച്ചാൽ അവിടെ സ്നേഹത്തിന്റെ മനോഹരമായ ചെടികൾ വളരും. മോശം വാക്കുകൾ വിതച്ചാൽ അവിടെ മുൾച്ചെടികൾ ഉണ്ടാകും.'

അന്നു മുതൽ കണ്ണൻ എപ്പോഴും നല്ല വാക്കുകൾ മാത്രം സംസാരിക്കാൻ തീരുമാനിച്ചു.

ചോദ്യങ്ങൾ:

1. കണ്ണന് മുത്തശ്ശൻ എന്താണ് നൽകിയത്?
2. വിത്തുകൾ തിരികെ എടുക്കാൻ കണ്ണന് കഴിഞ്ഞോ? എന്തുകൊണ്ട്?
3. നമ്മുടെ നാവിലൂടെ പുറത്തുവരുന്ന വാക്കുകളെ മുത്തശ്ശൻ എന്തിനോടാണ് ഉപമിച്ചത്?
4. ഈ കഥ നൽകുന്ന ഗുണപാഠം എന്താണ്?

എഴുതാം / ആവശ്യമായ വസ്തുക്കൾ ഏതൊക്കെയെന്ന് പട്ടികയിൽ നിന്നും എടുത്തെഴുതുക

പുസ്തകങ്ങൾ, തേയില, മൺവെട്ടി, പത്രം, പഞ്ചസാര, ചെടിച്ചട്ടി, അലമാര, വെള്ളം, പൂക്കൾ, പേന, പാൽ, തുരപ്പൻ, ചായപ്പാത്രം ഭൂപടം, വളം, മേശ, സ്പൂൺ, നനയ്ക്കുന്ന പാത്രം.

ചായ തയ്യാറാക്കുന്ന രീതി | ഗ്രന്ഥശാല | പൂന്തോട്ടനിർമ്മാണം

കഥ ക്രമപ്പെടുത്തി എഴുതാം.

1. കുളം ലക്ഷ്യമാക്കി ആമ സാവധാനം നടന്നു.
2. മുയൽ വഴിയിൽ ഒരിടത്ത് ഉറക്കമായി.
3. ആമയും മുയലും ഒരു ഓട്ടമത്സരം നടത്തി.
4. മുയൽ വളരെ വേഗത്തിൽ ഓടി മുന്നിലെത്തി.
5. ആമ നിർത്താതെ നടന്ന് വിജയം കൈവരിച്ചു.
6. മുയൽ ഉണർന്നപ്പോൾ ആമ ദൂരെ എത്തിക്കഴിഞ്ഞിരുന്നു.

1. _____

2. _____

3. _____

4. _____

5. _____

6. _____

എഴുതി പൂർത്തിയാക്കാം.

പൂന്തോട്ടത്തിൽ _____ വിരിഞ്ഞു.

ചെടിച്ചട്ടിയിൽ _____ വിരിഞ്ഞു.

ആകാശത്ത് _____ പറക്കുന്നു.

മരച്ചില്ലയിൽ _____ ഇരിക്കുന്നു.

മൈതാനത്തിൽ _____ കളിക്കുന്നു.

_____ സൈക്കിൾ ചവിട്ടുന്നു.

_____ പാറി പറക്കുന്നു.

പൂവിൽ _____ തേൻ നുകരുന്നു.

ചാർച്ചപ്പേരുകൾ പറയാം.



തെറ്റ് തിരുത്തി എഴുതാം.

1. കടലിൽ വലിയ തിരമലകൾ അടിക്കുന്നു.

   കടലിൽ വലിയ തിരമാലകൾ അടിക്കുന്നു.

2. പാടത്ത് കൊത്തുകൾ നിൽക്കുന്നു.

   _____

3. അണ്ണാൻ മറത്തിൽ ഓടിക്കയറി.

   _____

4. പൂന്തോട്ടത്തിൽ ചെരികൾ വളരുന്നു.

   _____

5. എനിക്ക് മിടായി കഴിക്കാൻ ഇഷ്ടമാണ്.

   _____

6. കിളികൾ കൂടിൽ ഉറങ്ങുന്നു.

   _____

7. സൂര്യൻ കിലക്ക് ഉദിക്കുന്നു.

   _____

8. കുട്ടികൾ മൈധാനത്തിൽ കളിക്കുന്നു.

   _____

9. പശു പുല് തിന്നുന്നു.

   _____

10. ആനയ്ക്ക് വലിയ തുമ്പികൈ ഉണ്ട്.

    _____

പദങ്ങൾ നിർമ്മിക്കാം.

ചെടി _____ _____ _____

_____ _____ _____

_____ _____ _____

_____ _____ _____

_____ _____ _____

അടയാളം എടുത്തെഴുതാം.

അ		ആ	
ഇ		ഈ	
ഉ		ഊ	
ഋ		എ	
ഏ		ഐ	
ഒ		ഓ	
ഔ		അം	
അഃ			

ൗ	ാ
ു	ി
ൈ	ം
േ	്
െ	ോ
ൂ	ഃ
ീ	ൊ

വായിച്ച് പരിശീലിക്കാം

ശരിയായ പ്രവൃത്തിക്ക് (✓)തെറ്റായ പ്രവൃത്തിക്ക് (✗) ചിഹ്നവുമിടുക.

ക്രമപ്പെടുത്തി വാചകമാക്കാം

1. കണ്ടു / ആനയെ / കാട്ടിൽ
   കാട്ടിൽ ആനയെ കണ്ടു
2. കടലിൽ / താണു / സൂര്യൻ

   _____
3. വീശി / മുക്കുവൻ / വല

   _____
4. ചെണ്ട / കൊട്ടി / കുട്ടി

   _____
5. ചെയ്തു / അമ്മ / പാചകം

   _____
6. കൈ / നീട്ടി / യാചകൻ

   _____

ഞാൻ വായിക്കും

യ ഹ റ വ ഴ

ഒ ള

ല ശ

ഷ സ ര

അ ആ ഇ ഈ ഉ ഊ ഋ എ ഏ ഐ

ഒ ഓ ഔ അം അഃ ൽ ൻ ർ ൺ ൾ

ഞാൻ എന്റെ എനിക്ക്

നാട് നിന്റെ

ആന അതെ

അവൾ നിനക്ക്

അവർ അവൻ

വീട്

എന്റെ നാട്
അവന്റെ അമ്മ
നമ്മുടെ വീട്
എന്റെ അമ്മ

നാട് നാട്
എന്റെ നാട്
വീട് വീട്
നമ്മുടെ വീട്
അമ്മ അമ്മ
എന്റെ അമ്മ

അഞ്ച് വ്യത്യാസങ്ങൾ കണ്ടെത്തി മനസ്സിലാക്കാം.



കഥ വായിച്ച് രസിക്കാം

മിന്നുവിന്റെ ബലൂൺ യാത്ര

മിന്നു അവളുടെ അച്ഛന്റെയും അമ്മയുടെയും കൂടെ പള്ളിയിലെ പെരുന്നാളിന് പോയി. ചുറ്റും വർണ്ണവിളക്കുകളും മിഠായിക്കടകളും! മിന്നുവിന് ഏറ്റവും ഇഷ്ടപ്പെട്ടത് അവിടെ വിൽക്കാൻ വെച്ചിരുന്ന വലിയ ഗ്യാസ് ബലൂണുകൾ ആയിരുന്നു.

അച്ഛൻ അവൾക്ക് ഒരു വലിയ ചുവന്ന ബലൂൺ വാങ്ങിക്കൊടുത്തു. ബലൂൺ കയ്യിൽ പിടിച്ച് അവൾ ആകാശത്തേക്ക് നോക്കി. പെട്ടെന്ന് ഒരു കാറ്റടിച്ചപ്പോൾ ബലൂൺ അവളുടെ കയ്യിൽ നിന്ന് വഴുതിപ്പോയി. മിന്നുവിന് സങ്കടമായെങ്കിലും, അത് ആകാശത്ത് നക്ഷത്രങ്ങൾക്കിടയിലൂടെ പറന്നുപോകുന്നത് കണ്ടപ്പോൾ അവൾ ചിരിച്ചു. 'എന്റെ ബലൂൺ ആകാശത്തെ ഉത്സവത്തിന് പോയതാണ്' എന്ന് അവൾ സന്തോഷത്തോടെ പറഞ്ഞു.

കുഞ്ഞെഴുത്ത് (്യ ചേർത്തെഴുതാം)

1. ബാല _____ ം
2. ബോധ _____ ം
3. ലക്ഷ _____ ം
4. കാപട _____ ം
5. ഭാഗ _____ ം

കുഞ്ഞുവായന

കാര്യം	ന്യായം
വ്യാഴം	നിത്യം
മ്യാവൂ	കാപട്യം
വ്യായാമം	ആദ്യം
വ്യത്യാസം	ദേഷ്യം

കുഞ്ഞെഴുത്ത് (ര - ്ര)

ക് + ര = ക്ര	വ് + ര = വ്ര
പ് + ര = പ്ര	ഹ് + ര = ഹ്ര
ത് + ര = ത്ര	ഭ് + ര = ഭ്ര

കുഞ്ഞുവായന

ക്രമം	ചിത്രം	വ്രതം	ചക്രം
പത്രം	ക്രിയ	ത്രാസ്	പ്രസംഗം
ആശ്രയം	രാത്രി	സ്രാവ്	പ്രകൃതി
കത്രിക	പ്രകാശം	പ്രിയ	നക്ഷത്രം
വെപ്രാളം	മാത്രം	വസ്ത്രം	പ്രധാനം

2 എന്റെ മലയാളം

അക്ഷരം കൊത്തിയ തത്തമ്മ
ആകാശത്തുഞ്ചത്ത് ചേക്കേറി
ആരാരും പോകാത്ത ദൂരങ്ങൾ
ആരാരും കാണാത്ത മേഘങ്ങൾ
അമ്പത്തൊന്നക്ഷരം കൂട്ടുണ്ട്
അമ്പിളി നക്ഷത്രം കൂട്ടുണ്ട്.

വിജയലക്ഷമി.

ചിത്രത്തിന് നിറം നൽകാം

തുമ്പിയും മാന്ത്രികപ്പൂക്കളും

പണ്ട് പണ്ട്, നിളാനദിയുടെ തീരത്ത് പച്ചപ്പട്ടുടുത്ത ഒരു കൊച്ചു ഗ്രാമമുണ്ടായിരുന്നു. അവിടെ അമ്മു എന്നൊരു മിടുക്കിപ്പെൺകുട്ടി ഉണ്ടായിരുന്നു. പ്രകൃതിയെ ഒരുപാട് സ്നേഹിച്ചിരുന്ന അവൾക്ക് തുമ്പികളോടും പൂക്കളോടും സംസാരിക്കുന്നത് വലിയ ഇഷ്ടമായിരുന്നു.

ചിങ്ങമാസത്തിലെ പൊൻപുലരിയിൽ, പറമ്പിൽ പൂവിടാൻ പൂക്കൾ പറിക്കുകയായിരുന്നു അമ്മു. പെട്ടെന്ന്, ഒരു വലിയ നീലത്തുമ്പി അവളുടെ മുന്നിൽ വന്ന് വട്ടംചുറ്റി. അത് സാധാരണ തുമ്പിയായിരുന്നില്ല; അതിന്റെ ചിറകുകളിൽ അക്ഷരങ്ങൾ തിളങ്ങുന്നുണ്ടായിരുന്നു!

‘അമ്മൂ, നീ എന്നെ സഹായിക്കുമോ?’ ആ തുമ്പി മലയാളത്തിൽ ചോദിച്ചപ്പോൾ അമ്മു അത്ഭുതപ്പെട്ടുപോയി.

ആ തുമ്പി സത്യത്തിൽ ‘മലയാളം’ എന്ന മാന്ത്രിക വനത്തിലെ കാവൽക്കാരനായിരുന്നു. ഗ്രാമത്തിലെ കുട്ടികൾ മലയാളം വാക്കുകൾ മറന്നുപോയപ്പോൾ, ആ വനത്തിലെ ’അക്ഷരപ്പൂക്കൾ’ വാടിത്തുടങ്ങിയിരിക്കുന്നു. അത് ശരിയാക്കാൻ തുമ്പിക്ക് അമ്മുവിന്റെ സഹായം വേണം.

മാന്ത്രിക യാത്ര

തുമ്പി തന്റെ ചിറകുകൾ വീശിയപ്പോൾ അമ്മു ഒരു കുഞ്ഞുത്തുമ്പിയായി മാറി. അവർ പറന്ന് 'അക്ഷരക്കാട്ടിൽ' എത്തി. അവിടെ മനോഹരമായ കാഴ്ചകളായിരുന്നു.

അരുവികൾ: അവിടെ വെള്ളത്തിന് പകരം ഒഴുകുന്നത് തേൻ പോലെയുള്ള കവിതകളായിരുന്നു.

മരങ്ങൾ: ഓരോ മരത്തിലും മാമ്പഴത്തിന് പകരം മധുരമുള്ള പഴഞ്ചൊല്ലുകൾ തൂങ്ങിക്കിടക്കുന്നു.

വാടിയപൂക്കൾ: 'അമ്മ', 'നിലാവ്', 'തുമ്പപ്പൂ', 'മഴത്തുള്ളി' തുടങ്ങിയ മനോഹരമായ വാക്കുകൾ എഴുതിയ പൂക്കൾ വാടിക്കരിഞ്ഞു കിടക്കുന്നു.

'അമ്മൂ, നീ ഈ വാക്കുകൾ തെറ്റില്ലാതെ, സ്നേഹത്തോടെ ഒന്ന് ഉച്ചരിക്കൂ,' തുമ്പി പറഞ്ഞു.

അമ്മു കണ്ണുകളടച്ച്, തന്റെ കുഞ്ഞുനാവുകൊണ്ട് ഏറ്റവും മനോഹരമായി 'അമ്മ...' എന്ന് വിളിച്ചു. പെട്ടെന്ന്, ആ അക്ഷരപ്പൂവ് വിടരുകയും അതിൽ നിന്ന് ഒരു സ്വർണ്ണപ്രകാശം പുറപ്പെടുകയും ചെയ്തു. അവൾ പിന്നാലെ 'മലയാളം', 'പുഴ', 'മാമ്പഴം' എന്നിങ്ങനെ ഓരോ വാക്കുകളും മനോഹരമായി ചൊല്ലി.

മാറ്റത്തിന്റെ കാറ്റ്

അമ്മുവിന്റെ നാവിലെ ശുദ്ധമായ മലയാളം കേട്ടപ്പോൾ ആ കാട് മുഴുവൻ ഉണർന്നു. പക്ഷികൾ പാട്ടുപാടി, പൂക്കൾ വിരിഞ്ഞു. ഗ്രാമത്തിലെ കുട്ടികളുടെ ഉള്ളിലും മലയാളത്തോടുള്ള ഇഷ്ടം തിരികെ വന്നു.

യാത്ര കഴിഞ്ഞ് തിരികെ പറമ്പിലെത്തിയപ്പോൾ അമ്മു പഴയ കുട്ടിയായി മാറി. പക്ഷേ, അവളുടെ കയ്യിൽ തുമ്പി നൽകിയ ഒരു സമ്മാനം ഉണ്ടായിരുന്നു. ഒരിക്കലും വാടാത്ത ഒരു 'തുമ്പപ്പൂ'.

അന്നുതൊട്ട് അമ്മു തന്റെ കൂട്ടുകാർക്ക് മലയാളത്തിലെ മനോഹരമായ കഥകളും കവിതകളും ചൊല്ലിക്കൊടുത്തു. മലയാളം വാക്കുകൾ എത്രത്തോളം നൈർമല്യമുള്ളതാണെന്ന് അവൾ എല്ലാവർക്കും കാട്ടിക്കൊടുത്തു.

ഈ കഥയിലെ സന്ദേശം: നമ്മുടെ മാതൃഭാഷയായ മലയാളം വെറുമൊരു ഭാഷയല്ല, അത് നമ്മുടെ പ്രകൃതിയും സംസ്കാരവും ചേർന്ന ഒരു മാന്ത്രിക ലോകമാണ്. അത് സ്നേഹത്തോടെ കാത്തു സൂക്ഷിക്കേണ്ടത്. ഓരോ കുട്ടിയുടെയും കടമയാണ്.

ചോദ്യോത്തരങ്ങൾ

1. അമ്മുവിന് ഏറ്റവും ഇഷ്ടമുള്ള കാര്യങ്ങൾ എന്തെല്ലാമായിരുന്നു?

ഉത്തരം: _____

_____

2. നീലത്തുമ്പി എന്തിന്റെ കാവൽക്കാരനായിരുന്നു?

ഉത്തരം: _____

_____

3. അക്ഷരക്കാട്ടിലെ പൂക്കൾ വാടിപ്പോകാൻ കാരണമെന്ത്?

ഉത്തരം: _____

_____

4. അക്ഷരക്കാട്ടിലെ കാഴ്ചകൾ വിവരിക്കുക?

ഉത്തരം: _____

_____

5. തുമ്പി അമ്മുവിന് നൽകിയ സമ്മാനം എന്തായിരുന്നു?

ഉത്തരം: _____

_____

പദസമ്പത്ത് (പദാവലി)

കഥയിലെ ചില പ്രധാന പദങ്ങളും അവയുടെ അർത്ഥവും മനസ്സിലാക്കാം.

പദം		അർത്ഥം
പൊൻപുലരി	–	പ്രഭാതം
നൈർമല്യം	–	പരിശുദ്ധി
ചിറക്	–	പക്ഷിത്തൂവൽ
അരുവി	–	ചെറിയ പുഴ

(പ്രവർത്തനങ്ങൾ)

കുട്ടികളുടെ സർഗ്ഗാത്മകതയും ഭാഷാപരിജ്ഞാനവും വളർത്താൻ താഴെ പറയുന്ന പ്രവർത്തനങ്ങൾ ചെയ്തുനോക്കാവുന്നതാണ്

അക്ഷരപ്പൂക്കൾ നിർമ്മിക്കാം:

കഥയിലെ അമ്മു നിർമ്മിച്ചതുപോലെ, 'മഴ', 'പുഴ', 'അമ്മ', 'കാറ്റ്' തുടങ്ങിയ മലയാളം വാക്കുകൾ കടലാസിൽ വെട്ടി പൂക്കളുടെ രൂപത്തിൽ ഒരു 'പദമരം' തയ്യാറാക്കുക.

പഴഞ്ചൊല്ല് ശേഖരണം:

കഥയിൽ മാമ്പഴത്തിന് പകരം പഴഞ്ചൊല്ലുകളാണല്ലോ മരത്തിൽ ഉണ്ടായിരുന്നത്. കുട്ടികളോട് അവർക്കറിയാവുന്ന അഞ്ച് പഴഞ്ചൊല്ലുകൾ കണ്ടെത്താൻ പറയുക.

(ഉദാഹരണത്തിന്: മിന്നുന്നതെല്ലാം പൊന്നല്ല)

★ ----------

★ ----------

★ ----------

★ ----------

★ ----------

തുമ്പിയെ വരയ്ക്കാം:

തിളങ്ങുന്ന ചിറകുകളുള്ള ആ മാന്ത്രികത്തുമ്പിയെ ഭാവനയിൽ കണ്ട് ചിത്രരചന നടത്തുക

കഥാപ്രസംഗം:

ഈ കഥ ഒരു ചെറിയ നാടകമായോ കഥാപ്രസംഗമായോ ക്ലാസ്സിൽ അവതരിപ്പിക്കാം.

പഴഞ്ചൊല്ലുപാട്ടുകൾ :

പാട്ടിലും കവിതയിലും മാത്രമല്ല ചൊല്ലുകളിലും ഉണ്ട് താളാത്മത

ചക്കിക്കൊത്തൊരു ചങ്കരൻ വന്നു
ചട്ടിയും കലവും ഉടച്ചല്ലോ?

അണ്ണാൻ കുഞ്ഞും തന്നാലായത്
ചെയ്തിടുമെന്നത് മറക്കല്ലേ?

അങ്ങാടിയിൽ തോറ്റാൽ അമ്മയോടോ?
വേണ്ടീടല്ലേ ഈ ശീലം.

അൽപജ്ഞാനിക്കഹങ്കാരം
അതല്ലോ വിനയായ് മാറുന്നു.

വിത്തുഗുണമെങ്കിൽ പത്തുഗുണം
മണ്ണിൽ വിതച്ചാൽ കിട്ടീടും.

- താളം പിടിച്ച് ഈണത്തിൽ ചൊല്ലി നോക്കാം
- ചോദ്യചിഹ്നങ്ങൾ വരുന്ന പദങ്ങൾ ഏവ?
- ഈ വരികളുടെ അർത്ഥം ചോദിച്ച് മനസ്സിലാക്കാം.പറയാം.

വാമൊഴിപ്പാട്ടുകൾ

എത്ര മനോഹരമാണ് നമ്മുടെ മലയാള ഭാഷ! മുത്തും പവിഴവും കോർത്ത പോലെ എന്തൊരു കിലുക്കമുള്ള ഭാഷയാണ് നമ്മുടെ മലയാളം! കിലുക്കം നിറഞ്ഞു കവിഞ്ഞതാണ് നമ്മുടെ പാട്ടും പറച്ചിലും!

ചക്കരമാമ്പഴം

തിന്താരോ തക തിന്താരോ
തിന്താരോ തക തിന്താരോ...

മുറ്റത്തെ മാവിൻ കൊമ്പത്ത്
ചക്കരമാമ്പഴം തൂങ്ങുന്നു
കാറ്റൊന്നു മെല്ലെ വീശുമ്പോൾ
കാഴ്ചക്കാരെ വിളിക്കുന്നു.

കിളികൾ പാറി വരുന്നുണ്ട്
കൊത്തി നുണഞ്ഞു രസിക്കുന്നു
താഴെ വീണ മാമ്പഴമോ
അണ്ണാൻ കുഞ്ഞൻ തിന്നുന്നു.

തൊടിയിലെ മക്കൾ ഓടിവന്നു
കൊട്ട നിറയെ പെറുക്കുന്നു
അമ്മുവും ഉണ്ണിയും ഒന്നായി
മാമ്പഴം തിന്നു ചിരിക്കുന്നു.

(നാടൻ പാട്ട്)

- കൂട്ടുകാരുമൊത്ത് ഈ പാട്ട് താളമിട്ടു പാടാം.
- ഈ പാട്ടിന് തുടർച്ചയായി ചില വരികൾ കണ്ടെത്താമോ? എഴുതി താളമിട്ട് പാടാമോ?
- ഇത്തരം വായ്ത്താരികൾ അധ്യാപകനോടൊപ്പം ചൊല്ലി ആസ്വദിക്കാം. നിങ്ങൾ ഉണ്ടാക്കിയ വായ്ത്താരികളും ക്ലാസ്സിൽ അവതരിപ്പിക്കാവുന്നതാണ്.

അപ്പുവും ആടും പുലിയും കളിയും

പുറത്ത് നല്ല മഴ പെയ്യുന്ന ഒരു വൈകുന്നേരം. അപ്പുവിനും കൂട്ടുകാർക്കും പുറത്തിറങ്ങി കളിക്കാൻ പറ്റുന്നില്ല.

അപ്പോഴാണ് അപ്പൂപ്പൻ പഴയൊരു കളി അവർക്ക് പരിചയപ്പെടുത്തിയത് 'ആടും പുലിയും കളി'.

പലകയിൽ കളിക്കളം വരച്ച് അപ്പൂപ്പൻ പറഞ്ഞു കൊടുത്തു: 'ഇതിൽ മൂന്ന് പുലികളും പതിനഞ്ച് ആടുകളുമുണ്ട്.



'പുലികൾക്ക് ആടുകളെ പിടിക്കണം, ആടുകൾക്ക് പുലികളെ പൂട്ടണം!' അപ്പു 'പുലി'യായും അപ്പുവിന്റെ കൂട്ടുകാരി മീനു 'ആടാ'യും കളി തുടങ്ങി.

ഓരോ ആടിനെയും വയ്ക്കുമ്പോൾ അപ്പു പുലിയെ കരുതലോടെ നീക്കി. അവസാനം ബുദ്ധിപൂർവ്വം ആടുകളെ നിരത്തി മീനു പുലികളെ ഒരിടത്തും നീങ്ങാൻ പറ്റാത്ത വണ്ണം 'പൂട്ടി'. എല്ലാവരും കൈയടിച്ചു!



കേരളത്തിന്റെ തനതായ വിനോദങ്ങളിൽ ഒന്നാണല്ലോ ആടും പുലിയും കളി. ബുദ്ധിയും തന്ത്രവും ഒരുപോലെ ഉപയോഗിക്കേണ്ട ഈ കളി ഇന്നും ഗ്രാമപ്രദേശങ്ങളിൽ സജീവമാണ്.

ഈ കളിയെക്കുറിച്ചുള്ള പ്രധാന വിവരങ്ങൾ താഴെ നൽകുന്നു:

കളിക്കാർ

രണ്ടുപേർ ചേർന്നാണ് ഈ കളി കളിക്കുന്നത്. ഒരാൾ പുലിയുടെ വശവും (3 പുലികൾ), മറ്റേയാൾ ആടിന്റെ വശവും (15 ആടുകൾ) എടുക്കുന്നു.

ഒന്നാം ഘട്ടം: കളിക്കളം ഒരുക്കൽ

നിലത്തോ പലകയിലോ ചിത്രം വരച്ച് കളിക്കളം തയ്യാറാക്കുക. പ്രധാനമായും 3 വലിയ ത്രികോണങ്ങൾ ചേർന്ന രൂപമാണിത്. ഇതിൽ ആകെ 23 സന്ധികൾ (വരകൾ കൂട്ടിമുട്ടുന്ന ഇടങ്ങൾ) ഉണ്ടായിരിക്കും. ഇവിടെയാണ് കരുക്കൾ വയ്ക്കേണ്ടത്.

രണ്ടാം ഘട്ടം: പുലികളെ ഇറക്കൽ

കളി തുടങ്ങുന്നത് പുലികളാണ്.

3 പുലികളെ കളിക്കളത്തിന്റെ ഏറ്റവും മുകളിലെ സന്ധിയിലും അതിന് തൊട്ടുതാഴെയുള്ള രണ്ട് വശങ്ങളിലുമായി വയ്ക്കണം.

ഈ സമയം ആടുകൾ കളിക്കളത്തിന് പുറത്തായിരിക്കും.

മൂന്നാം ഘട്ടം: ആടുകളെ ഇറക്കൽ

പുലികളെ വച്ചുകഴിഞ്ഞാൽ ആടുകളുടെ ഊഴമാണ്.

ആടുകളെ ഓരോന്നായി കളിക്കളത്തിലെ ഒഴിവുള്ള സന്ധികളിൽ വയ്ക്കാം.

15 ആടുകളെയും കളിക്കളത്തിൽ ഇറക്കി തീരുന്നത് വരെ, കളിക്കളത്തിലുള്ള ആടുകളെ നീക്കാൻ പാടില്ല. ഓരോ ഊഴത്തിലും പുതിയ ഓരോ ആടിനെ ഇറക്കുക മാത്രമേ ചെയ്യാവൂ.

നാലാം ഘട്ടം: വെട്ടും നീക്കവും

പുലിയുടെ നീക്കം: ഒരു പുലിക്ക് തൊട്ടടുത്തുള്ള ഒഴിഞ്ഞ സന്ധിയിലേക്ക് വരയിലൂടെ നീങ്ങാം.

പുലിയുടെ വെട്ട്: ഒരു പുലിയുടെ തൊട്ടടുത്ത് ഒരു ആടും, അതിന് നേരെ പുറകിലെ സന്ധി ഒഴിഞ്ഞു കിടക്കുകയുമാണെങ്കിൽ, പുലിക്ക് ആടിനെ മറികടന്ന് ആ ഒഴിഞ്ഞ ഇടത്തേക്ക് നീങ്ങാം. അപ്പോൾ ആ ആട് കളിയിൽ നിന്ന് പുറത്താകും (ഇതിനെയാണ് 'വെട്ടുക' എന്ന് പറയുന്നത്).

ആടിന്റെ നീക്കം: 15 ആടുകളെയും കളിക്കളത്തിൽ വെച്ച് കഴിഞ്ഞാൽ മാത്രമേ ആടുകളെ നീക്കി തുടങ്ങാൻ പാടുള്ളൂ. പുലികൾക്ക് നീങ്ങാൻ ഇടമില്ലാത്ത വണ്ണം അവയെ വളയുകയാണ് ആടുകളുടെ ലക്ഷ്യം.

അഞ്ചാം ഘട്ടം: വിജയിയെ നിശ്ചയിക്കൽ

ആടുകളുടെ വിജയം: മൂന്ന് പുലികളെയും ഒരടി പോലും നീങ്ങാൻ കഴിയാത്ത രീതിയിൽ ആടുകൾ തടഞ്ഞാൽ (കെട്ടിയാൽ) ആടുകൾ ജയിക്കുന്നു.

പുലിയുടെ വിജയം: ആടുകളെ തുടർച്ചയായി വെട്ടിക്കളഞ്ഞ്, പുലികളെ തടയാൻ ആവശ്യമായ എണ്ണം ആടുകൾ ഇല്ലാതാകുന്ന അവസ്ഥ വന്നാൽ പുലി ജയിക്കുന്നു.

എഴുതി പൂർത്തിയാക്കാം

പട പട പപ്പടം; ചടു പുടു പപ്പടം

അടിപൊളി പപ്പടം;
തുടു തുടു പപ്പടം

പട പട ചടുപുടു; .....

പപ്പടം അമർത്തി .....

..... പൊടി പൊടി .....

കുഞ്ഞെഴുത്ത്

വ = ാ

ത് + വ = ത്വ

ക് + വ = ക്വ

സ് + വ = സ്വ

പക്വം	സ്വർഗം	സ്വപ്നം
ക്വാറി	സ്വർണ്ണം	സ്വന്തം
സാന്ത്വനം	ആശ്വാസം	വിശ്വാസം

- സ്വർണ്ണം വില കൂടിയ ലോഹമാണ്.
- സാവിത്രിക്കുട്ടി സ്വപ്നം കണ്ടു.
- എന്റെ സ്വന്തം കുട്ടിപ്പുര.

കുഞ്ഞുവായന

സംഗതി	രക്തം
സംഗീതം	ശക്തി
പ്രസംഗം	ഭക്തി
പതംഗം	വിരക്തി
ഭംഗി	മുക്തി

ചിന്നു മുയലിന്റെ സ്വപ്നവും അറിവിന്റെ കരുത്തും

ഭാഗം 1: കുന്നിൻ മുകളിലെ അത്ഭുതം

ഭംഗിയുള്ള പച്ചപ്പട്ടുടുത്ത വനമായിരുന്നു നീലഗിരി. അവിടെ അപ്പു എന്ന ആനയും, മീനു എന്ന മയിലും ഒപ്പം ചിന്നു എന്ന കുഞ്ഞുമുയലും താമസിച്ചിരുന്നു. ചിന്നുവിന് കാട്ടിലെ വിശേഷങ്ങൾ അറിയാൻ വലിയ കൗതുകമായിരുന്നു.

ഒരു ദിവസം കാടിന്റെ നടുവിലുള്ള വലിയ ആൽമരത്തിന് മുകളിൽ മനോഹരമായ ഒരു ഊഞ്ഞാൽ ആരോ കെട്ടിയിരിക്കുന്നത് ചിന്നു കണ്ടു. ആകാശത്തോളം ഉയരത്തിൽ ആടാൻ കഴിയുന്ന ആ ഊഞ്ഞാലിൽ കയറാൻ ചിന്നുവിന് കൊതിയായി. അവൾ ആൽമരത്തിന്റെ ചുവട്ടിൽ ചെന്ന് മുകളിലേക്ക് നോക്കി. പക്ഷേ, ഉയരത്തിലുള്ള ആ കൊമ്പിലേക്ക് എങ്ങനെയെത്തും?

അവൾ പലതവണ മുകളിലേക്ക് ചാടി. പക്ഷേ ഓരോ തവണയും താഴെ വീണു. ഇതുകണ്ട് മരത്തിലിരുന്ന കുരങ്ങന്മാർ ചിരിച്ചു. 'ചിന്നൂ, നീ വെറുമൊരു മുയലല്ലേ? നിനക്ക് ഇത്രയും ഉയരത്തിൽ ചാടാൻ കഴിയില്ല. നീ വെറുതെ സമയം കളയണ്ട!' അവർ പരിഹസിച്ചു.

ചിന്നു സങ്കടത്തോടെ ഇരിക്കുന്നത് കണ്ട് അവളുടെ അമ്മ അടുത്തു വന്നു. ചിന്നു പറഞ്ഞു: 'അമ്മേ, എനിക്ക് ആ ഊഞ്ഞാലിൽ കയറണം. പക്ഷേ എനിക്ക് അതിനുള്ള കഴിവില്ലെന്ന് എല്ലാവരും പറയുന്നു.'

അമ്മ ചിന്നുവിനെ ചേർത്തുപിടിച്ചു പറഞ്ഞു: '*അഭ്യാസം നന്നായാൽ ആനയെയും തെളിക്കാം* മോളേ. അതായത്, നിർത്താതെ പരിശ്രമിച്ചാൽ ഏതൊരു വലിയ കാര്യവും നമുക്ക് എളുപ്പമാകും. ഇന്ന് നിനക്ക് ചാടാൻ കഴിഞ്ഞില്ലെങ്കിൽ നാളെ കഴിയും. നീ നിന്റെ പരിശ്രമം തുടരണം.'

ഭാഗം 2: കിളിക്കൂട്ടിലെ അറിവ്

അമ്മയുടെ വാക്കുകൾ ചിന്നുവിന് ധൈര്യം നൽകി. അവൾ ദിവസവും ആൽമരച്ചുവട്ടിൽ വന്ന് ചാടാൻ പരിശീലിച്ചു. ആദ്യ ദിവസം അവൾക്ക് ഒരു മുഴം പോലും ഉയരത്തിൽ എത്താനായില്ല. പക്ഷേ അവൾ തോറ്റു കൊടുത്തില്ല. അവൾ മനസ്സിൽ പറഞ്ഞു: *'ആലസ്യം ആപത്തിന് കാരണമാകും'*. മടി കാണിച്ചിരുന്നാൽ എങ്ങും എത്താൻ കഴിയില്ലെന്ന് അവൾക്കറിയാമായിരുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം കാട്ടിലെ ഏറ്റവും പ്രായം കൂടിയ കാക്കയപ്പൂപ്പൻ അവിടെയെത്തി. അപ്പൂപ്പന്റെ കയ്യിൽ പഴയ ചില താളുകൾ ഉണ്ടായിരുന്നു. അതിൽ മരത്തിൽ കയറാൻ സഹായിക്കുന്ന ചില വിദ്യകൾ അടയാളപ്പെടുത്തിയിരുന്നു. അപ്പൂപ്പൻ അത് ചിന്നുവിന് കാണിച്ചുകൊടുത്തു.

"ഇത് നിനക്ക് ഉപകരിക്കും ചിന്നൂ." പക്ഷേ ഇത് വായിക്കാൻ നീ പഠിക്കണം,' അപ്പൂപ്പൻ പറഞ്ഞു.

ചില കുരങ്ങന്മാർ പറഞ്ഞു: 'ഈ മുയലിന് എന്തിനാ ഈ പേപ്പർ? ഇത് ആരെങ്കിലും മോഷ്ടിച്ചാൽ അവൾക്ക് ഒന്നും ചെയ്യാൻ കഴിയില്ലല്ലോ!'

അപ്പോൾ കാക്കയപ്പൂപ്പൻ ചിരിച്ചുകൊണ്ട് പറഞ്ഞു: *'വിദ്യ കള്ളൻ കൊണ്ടുപോകില്ല'*. ഇവൾ പഠിച്ചെടുക്കുന്ന ഈ വിദ്യ ഇവളുടെ ഉള്ളിൽ സുരക്ഷിതമായിരിക്കും. ആർക്കും അത് മോഷ്ടിക്കാനാവില്ല. *'വിദ്യാഭ്യാസം എന്നത് അനശ്വരമായ ധനമാണ്.'*

ചിന്നു ആവേശത്തോടെ ആ വിദ്യകൾ പഠിക്കാൻ തുടങ്ങി. വായനയും പരിശീലനവും അവൾ ഒരുപോലെ കൊണ്ടുപോയി. ഓരോ ദിവസവും അവൾ പുതിയ കാര്യങ്ങൾ പഠിച്ചു.

ഭാഗം 3: വിജയത്തിന്റെ മധുരം

ദിവസങ്ങൾ കടന്നുപോയി. ചിന്നുവിന്റെ കാലുകൾക്ക് നല്ല കരുത്തു വന്നു. അവൾ മരത്തിൽ എങ്ങനെ പിടിക്കണമെന്നും, ഏത് ദിശയിൽ ചാടണമെന്നും പഠിച്ചെടുത്തു.

ഒരു ശനിയാഴ്ച രാവിലെ, കാട്ടിലെ എല്ലാ മൃഗങ്ങളും ആൽമരച്ചുവട്ടിൽ ഒത്തുകൂടി. ചിന്നു പതിയെ പിന്നോട്ട് നടന്നു. എന്നിട്ട് ഒരൊറ്റ ഓട്ടം! കാറ്റിൽ പറക്കുന്നതുപോലെ അവൾ ഉയരത്തിലേക്ക് ചാടി. എല്ലാവരും ശ്വാസമടക്കി നോക്കിനിന്നു.

ലക്ഷ്യമിട്ട കൊമ്പിൽ അവൾ കൃത്യമായി പിടിച്ചു! അവിടെനിന്ന് ഊഞ്ഞാലിലേക്ക് അവൾ സുരക്ഷിതമായി കയറി. മരത്തിന് മുകളിലിരുന്ന് അവൾ സന്തോഷത്തോടെ ആടി. താഴെ നിന്നിരുന്ന കുരങ്ങന്മാരും ആനയും മയിലും കൈയടിച്ചു.

അമ്മമുയൽ താഴെ നിന്ന് വിളിച്ചുപറഞ്ഞു: 'കണ്ടോ, *വിദ്യാധനം സർവ്വധനാൽ പ്രധാനമാണ്*. അറിവും പരിശ്രമവും ഒത്തുചേർന്നാൽ വിജയം നിനക്കൊപ്പമുണ്ടാകും.'

അന്ന് ചിന്നു ഒരു കാര്യം പഠിച്ചു: പഠിക്കാൻ മടി കാണിക്കരുത്, വീണ്ടും വീണ്ടും ശ്രമിക്കണം. അങ്ങനെ ചെയ്താൽ ഏതൊരു വലിയ ലക്ഷ്യവും നമുക്ക് നേടിയെടുക്കാം.

ഈ കഥയിൽ നിന്ന് നമ്മൾ പഠിച്ച പഴഞ്ചൊല്ലുകൾ:

അഭ്യാസം നന്നായാൽ ആനയെയും തെളിക്കാം: കഠിനമായി പരിശ്രമിച്ചാൽ അസാധ്യമായ കാര്യങ്ങളും നേടിയെടുക്കാം.

വിദ്യ കള്ളൻ കൊണ്ടുപോകില്ല: നമ്മുടെ അറിവ് ആർക്കും മോഷ്ടിക്കാൻ കഴിയില്ല.

വിദ്യയെന്നത് അനശ്വരമായ ധനമാണ്: ഒരിക്കലും നശിക്കാത്ത സമ്പത്താണ് വിദ്യാഭ്യാസം.

ആലസ്യം ആപത്തിന് കാരണമാകും: മടി കാണിക്കുന്നത് നമ്മുടെ പുരോഗതിയെ തടയും.

I. വിട്ടുപോയ ഭാഗം പൂരിപ്പിക്കുക:

1. വിദ്യ _____ കൊണ്ടുപോകില്ല.
2. അഭ്യാസം നന്നായാൽ _____ തെളിക്കാം.
3. വിദ്യയെന്നത് _____ ധനമാണ്.
4. ആലസ്യം _____ കാരണമാകും.

II. ഉത്തരം പറയുക

1. ചിന്നു മുയലിന് എവിടെ കയറാനാണ് ആഗ്രഹം തോന്നിയത്? അത് എവിടെയായിരുന്നു?
2. ഊഞ്ഞാലിൽ കയറാൻ ശ്രമിച്ച ചിന്നുവിനെ കുരങ്ങന്മാർ പരിഹസിച്ചത് എന്തുകൊണ്ട്?
3. 'അഭ്യാസം നന്നായാൽ ആനയെയും തെളിക്കാം' എന്ന് അമ്മ പറഞ്ഞത് എന്തിനെക്കുറിച്ചാണ്?
4. കാക്കപ്പൂപ്പൻ നൽകിയ വിദ്യകൾ പഠിച്ചപ്പോൾ ചിന്നുവിന് ഉണ്ടായ ഗുണം എന്തായിരുന്നു?

III. നമുക്കും എഴുതാം:

നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട പഴഞ്ചൊല്ല് ഏതാണ്? അത് വലിയ അക്ഷരത്തിൽ താഴെ ഭംഗിയായി എഴുതുക.

_____

IV. "വിദ്യാധനം സർവ്വധനാൽ പ്രധാനം" എന്ന വിഷയത്തെ ആസ്പദമാക്കി ഒരു പ്രസംഗം തയ്യാറാക്കി ഈ ഭാഗത്തിൽ അവതരിപ്പിക്കുക.

എല്ലാവർക്കും നമസ്കാരം,

ബഹുമാനപ്പെട്ട അധ്യാപകരെ, എന്റെ പ്രിയപ്പെട്ട കൂട്ടുകാരെ,

ഇന്ന് ഞാൻ ഇവിടെ സംസാരിക്കുന്നത് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചാണ്.....

എഴുതി പൂർത്തിയാക്കാം.

- അ____ളിയും പൂ____റ്റയും
- പൂ____റ്റ പൂവിൽ ഇരുന്നു
- അ____ളി പൂമ്പാ____യെ കണ്ടു
- അ____ളി താഴെ വന്നു
- അമ്പിളി ചി____ച്ചു
- പൂവും ചി____ച്ചു
- അവർ കൂ____കാരായി.

മാതൃക പോലെ അനുയോജ്യമായ വിധത്തിൽ എഴുതുക.

ഉണരുക - ഉണർന്നു - ഉണരുന്നു - ഉണരും

വിടരുക -

അടരുക -

തുടരുക -

പടരുക -

വായിച്ചു രസിക്കാം

പൂക്കാലം എത്തി
പൂത്തുമ്പി വന്നു
പൂക്കൾ കണ്ടു
പൂത്തുമ്പി ചിരിച്ചു
പൂത്തിരി കത്തി
പൂക്കൾ ചിരിച്ചു
പൂവാലിയും ചിരിച്ചു
പൂവാലിയും പൂത്തുമ്പിയും
ഒന്നിച്ചു ചിരിച്ചു.

ശരിയായ ചിഹ്നം യോജിപ്പിക്കുക

__വനൽ	ു
ത__ൺ	ാ
മഞ്ച__ടി	ൂ
ന__ഴൽ	േ-ാ
വ__ട്	ി
ക__യിൽ	ീ
__ക__ഴി	േ

വിട്ടുപോയ സ്ഥലങ്ങളിൽ യോജിച്ച അക്ഷരം (ഴ,യ)എഴുതുക

1. മ__ പെ__തു
2. പു__ നിറഞ്ഞു
3. വ__ി കണ്ടെത്തി
4. മു__ൽ തോറ്റു.
5. വാ__പ്പ__ം
6. പാ__മടക്കി
7. കു__ൽ കിണർ

വായിച്ചു രസിക്കാം

കുഞ്ഞിക്കോഴി
പട പട പട പട
ചിറകടി കേട്ടു.
കുഞ്ഞിക്കോഴി പേടിച്ചു വിറച്ചു.
‘ഓടിക്കോ..... ഓടിക്കോ.... പരുന്ത്....’
കാക്ക വിളിച്ചുപറഞ്ഞു.
തള്ളക്കോഴി പറന്നെത്തി
കുഞ്ഞിക്കോഴി അമ്മയുടെ ചിറകിനടിയിൽ ഒളിച്ചു.
‘പേടിക്കേണ്ട..... പേടിക്കേണ്ട.... പരുന്ത് പോയി.....’
തള്ളക്കോഴി പറഞ്ഞു..
കുഞ്ഞിക്കോഴി പുറത്തുവന്നു. കുഞ്ഞിക്കോഴി ചിരിച്ചു.

ഞാൻ വായിക്കും; ഞാൻ എഴുതും

ക	പ	ങ്ങ	ച്ച	ട്ട	ണ്ണ	ത്ത	ന്ന
മ്പ	മ	ത	വ	യ	ച	ന	ല
ണ്ട	ക്ക	ഞ്ഞ	പ്പ	യ്യ	ട്ട	വ്വ	സ്സ

പന്ത് കണ്ണ് പൂവ് തീരം മാവ്

തവള അമ്പിളി കവിത പൂമ്പാറ്റ നക്ഷത്രം

കടലാസ് കളിവഞ്ചി തിരമാല മഴവിൽ വിദ്യാലയം

അക്ഷരങ്ങൾ തിരുവോണം അരിവാൾ സ്നേഹിതൻ കിളിക്കൂടുകൾ

വിദ്യാലയം

നമ്മുടെ വിദ്യാലയം

മനോഹരമായ നമ്മുടെ വിദ്യാലയം



ആകാശം

തെളിഞ്ഞ ആകാശം

വിശാലമായ തെളിഞ്ഞ ആകാശം

തത്തമ്മ തത്തി നടന്നു

തത്തമ്മ തത്തി നടന്നു അരിമണി തിന്നു.

തത്തമ്മ തത്തി നടന്നു അരിമണി തിന്നു പറന്നു പോയി.

തത്തമ്മ തത്തിനടന്നു അരിമണി തിന്നു പറന്നു പോയി പനയിലിരുന്നു

ഞാൻ വായിക്കും; ഞാൻ എഴുതും

ആ	താദ	ഈൗ	ഭ	ചാ	ഊൗ	ങ്ങാ	ഒൗ
ടാ	ഏ	ഐ	ലാ	മാ	യാ	ഞാ	ർ
ൺ	ൾ	ൻ	ൽ	ടാ	കാ	പാ	രാ

നാല്	കാര്യം	പാവ	താലം	കാശ്
താറാവ്	വാതകം	നാണയം	തൂവാല	ആരാമം
മാതളങ്ങ	ഐക്യമോടെ	ഞാറ്റുവേല	താമരപ്പൂവ്	ഔഷധക്കൂട്ട്
മാസം	താരകക്കൂട്ടം	മലയാളം	ഏഴുസ്വരങ്ങൾ	വിദ്യാലയം

മാൻ
പുള്ളിമാൻ
കാട്ടിലെ പുള്ളിമാൻ

പൂമ്പാറ്റ പാറി
പൂമ്പാറ്റ പുഴ കണ്ടു
പുഴ ഒഴുകി
പുഴ പാറ കണ്ടു
പാറ അനങ്ങാതെ നിന്നു
പാറയെ കാണാൻ എല്ലാവരും വന്നു
പാറയിൽ ആരോ എഴുതി
അനങ്ങാപ്പാറ, പേരുവീണു
പേരെന്താ? പേരോ, അനങ്ങാപ്പാറ

3 സ്നേഹമാണഖിലസാരമൂഴിയിൽ

ചെറുപ്രാണിയെപ്പോലും നോവിക്കാതെ
കരുണയാൽ നമ്മൾ വാഴേണം
വിശക്കുന്ന ജീവിക്ക് ആഹാരം നൽകി
സ്നേഹത്തിൻ മാതൃകയാകേണം.
വാടിയ പൂവിനും പാടും പറവയ്ക്കും
നമ്മുടെ സ്നേഹം പകരേണം
ഭൂമിതൻ മക്കൾ നമ്മളെല്ലാരും
ഒന്നായി സ്നേഹത്തിൽ വാഴേണം.

കുമാരനാശാൻ

‘കരുണ’ എന്ന പദവുമായി ബന്ധപ്പെട്ട പദങ്ങൾ ഉപയോഗിച്ച് പദസൂര്യൻ വരയ്ക്കുക.



സ്നേഹം, ദയ,ശുശ്രൂഷ, സഹായം,സംരക്ഷണം, വിഹിതം

ചിത്രത്തിന് ഉചിതമായ നിറം നൽകി പൂർത്തിയാക്കുക.

സ്നേഹമാണ് അഖിലസാരമൂഴിയിൽ എന്ന ആശയത്തോട് അനുബന്ധിച്ച് ചിത്രം കുട്ടികൾ സ്വയം വരയ്ക്കുക.

മാളുവും പച്ചത്തവളയും

‘മാളു രാവിലെ എഴുന്നേറ്റ് പല്ലുതേച്ചു. മഴ കഴിഞ്ഞ് മുറ്റം നനഞ്ഞു കിടക്കുന്നുണ്ടായിരുന്നു. അപ്പോൾ. കിളികൾ ചിലയ്ക്കുന്ന ശബ്ദം കേട്ട് മാളു ജനാല തുറന്നു. മുറ്റത്തുള്ള വലിയ ഇലയിൽ എന്തോ അനങ്ങുന്നുണ്ട്! മാളു വേഗം മുറ്റത്തേക്ക് ഇറങ്ങി.

അതൊരു പച്ച തവളക്കുഞ്ഞായിരുന്നു! നനഞ്ഞ തറയിൽ കുടുങ്ങിയിരിക്കുകയായിരുന്നു അത്. മാളുവിനെ കണ്ടതും പേടിച്ചോടിയ പച്ചത്തവളക്കുഞ്ഞ് ഇലക്കടിയിൽ ഒളിച്ചു.

മാളു പതുക്കെ ഒരു ചുള്ളിക്കമ്പ് എടുത്ത് തവളക്കുഞ്ഞിനെ മെല്ലെ തൊട്ടു. പച്ചത്തവളക്കുഞ്ഞ് പുറത്തേക്ക് ചാടി.

‘നീ എന്താണ് ഇവിടെ ഒറ്റയ്ക്ക്?’ മാളു ചോദിച്ചു.

മാളു ഒരു കുഞ്ഞുപാത്രത്തിൽ വെള്ളം കൊണ്ടുവന്ന് തവളക്കുഞ്ഞിന്റെ അടുത്തു വച്ചു.

പച്ചത്തവളക്കുഞ്ഞ് വെള്ളം കുടിച്ചു.

അമ്മ പറഞ്ഞു, ‘അവന് വഴി തെറ്റിയതാണ്. നമുക്ക് ഇവനെ വലിയ പാത്രത്തിലേക്ക് മാറ്റാം.’

അമ്മ മാളുവിന് ഒരു വലിയ ബക്കറ്റ് നൽകി. മാളു അതിൽ വെള്ളം നിറച്ച്, തവളക്കുഞ്ഞിനെ പതുക്കെ ബക്കറ്റിലാക്കി. തവളക്കുഞ്ഞ് ആ ബക്കറ്റിൽ നീന്തിക്കളിച്ചു!

അന്നു മുഴുവൻ മാളു തവളക്കുഞ്ഞിനെ പരിചരിച്ചു. 'അതിന് എന്താണ് കൊടുക്കേണ്ടത്' അവൾ അമ്മയോട് ചോദിച്ചു മനസ്സിലാക്കി. ചെറിയ പൂച്ചെടികളിലെ കീടങ്ങളെ തിന്നാൻ അവൾ പച്ചത്തവള കുഞ്ഞിനെ സഹായിച്ചു.

വൈകുന്നേരമായപ്പോൾ മഴ മാറി. അമ്മ പറഞ്ഞു, 'തവളക്കുഞ്ഞിനെ തിരികെ വിടാം. 'മാളുവിന് സങ്കടമായി. എങ്കിലും, അവൾ കുഞ്ഞു സുഹൃത്തിനെ തിരികെ ചെളിയിലേക്ക് വിട്ടു. 'നീ എപ്പോഴും എന്നെ ഓർക്കണേ!' മാളു പറഞ്ഞു.

തവളക്കുഞ്ഞ് സന്തോഷത്തോടെ പാടത്തേക്ക് ചാടിക്കയറി.

വിടവാങ്ങൽ

മാളുവിന് ആ ദിവസം ഒത്തിരി സന്തോഷം തോന്നി. ഒരു കൊച്ചു ജീവിയെ സഹായിച്ചല്ലോ!

ചെയ്തു പരിശീലിക്കാം

1. കഥയിൽ വായിച്ച നിങ്ങൾക്ക് ഇഷ്ടപ്പെട്ട പദങ്ങൾ എഴുതുക.

- ----------
- ----------
- ----------
- ----------
- ----------
- ----------
- ----------
- ----------
- ----------
- ----------

2. പാഠഭാഗത്തുനിന്ന് നിങ്ങൾക്കിഷ്ടപ്പെട്ട പദങ്ങൾ അടിവരയിട്ട് എടുത്തെഴുതുക.

3. പാഠഭാഗത്തുനിന്ന് നിങ്ങൾക്കിഷ്ടപ്പെട്ട വാക്യങ്ങൾ എടുത്തെഴുതുക.

---

4. പറയുന്നത് കേട്ടെഴുതുക.

5. സംസാരിക്കാം.

സഹജീവിസ്നേഹം പ്രസംഗത്തിലൂടെ അവതരിപ്പിക്കുക.

6. വായിച്ച് ഉത്തരം നൽകുക.

1. മാളു ജനാല തുറന്നപ്പോൾ മുറ്റത്ത് കണ്ട കാഴ്ച എന്തായിരുന്നു?
2. പച്ചത്തവളക്കുഞ്ഞിനെ കണ്ടപ്പോൾ മാളു ആദ്യം എന്താണ് ചെയ്തത്?
3. പച്ചത്തവളക്കുഞ്ഞിനെ സംരക്ഷിക്കാൻ മാളുവും അമ്മയും എന്ത് സൂത്രമാണ് കണ്ടെത്തിയത്?
4. തവളകൾ എങ്ങനെ ചെടികളെ സഹായിക്കുന്നു എന്നാണ് അമ്മ മാളുവിന് പറഞ്ഞുകൊടുത്തത്?
5. വൈകുന്നേരം മാളുവിന് സങ്കടം തോന്നാൻ കാരണമെന്താണ്?
6. ഈ കഥയിൽ നിന്ന് നമുക്ക് ലഭിക്കുന്ന ഗുണപാഠം എന്താണ്?

7. ശരിയോ തെറ്റോ എന്ന് കണ്ടെത്തുക.

1. മാളു പച്ചത്തവളക്കുഞ്ഞിന് പുട്ടും പഴവും നൽകി.
2. തവളയ്ക്ക് മരത്തിൽ പറ്റിപ്പിടിച്ചു കയറാൻ കഴിയും.
3. മാളു തവളയെ ബക്കറ്റിൽ തന്നെ പൂട്ടിയിട്ടു.
4. നാം സഹജീവികളോട് കരുണയുള്ളവരായിരിക്കണം.

8. നിങ്ങൾ മാളുവിന്റെ സ്ഥാനത്ത് ആണെങ്കിൽ എന്ത് ചെയ്യും? (കുട്ടികളോട് സ്വഭിപ്രായം പറയാൻ ആവശ്യപ്പെടുക).

വായനപ്പലക:

'അതിന് എന്താണ് കൊടുക്കേണ്ടത്?'

'നീ എന്താണ് ഇവിടെ ഒറ്റയ്ക്ക്?'

'അവന് വഴിതെറ്റിയ താവാം'.

പാടി രസിക്കാം

പച്ചത്തവളക്കുഞ്ഞേ...
പച്ചത്തവളക്കുഞ്ഞേ നീ
എങ്ങോട്ടാണീ ചാട്ടം?
പച്ചിലപ്പടർപ്പിന് താഴെ നിൻ
കണ്ണുകൾ രണ്ടും തിളങ്ങുന്നു!
മഴ പെയ്യും നേരം നോക്കി
നീ പാടത്തിറങ്ങി നീന്തുന്നോ?
'ക്രോക്ക് ക്രോക്ക്' പാട്ടുകൾ പാടി
നീ കൂട്ടുകാരെയും കൂട്ടുന്നോ?
ചെടികളെ കാക്കും മിടുക്കാ നീ
നമുക്ക് നല്ലൊരു ചങ്ങാതി,
മാളുവിൻ കൈകൾ വീശുമ്പോൾ
നീയും ടാറ്റാ പറയുന്നോ?

ഉത്തരം നൽകാം

1. മഴപെയ്ത നേരം പാടത്തിറങ്ങിയത് ആര്?
   അ. മാളു
   ആ. തവള
   ഇ. മാളുവിന്റെ അമ്മ
2. തവള പുറപ്പെടുവിച്ച ശബ്ദം ഏതാണ്?
   ---
3. കർഷകന്റെ മിത്രം എന്നറിയപ്പെടുന്നതിൽ ഒന്ന് ---------- ആണ്.
4. വാക്യത്തിൽ എഴുതുക.

മഴ	:	മഴപെയ്താൽ മുറ്റം നനയും
തവള	:	
ഇല	:	
ബക്കറ്റ്	:	
ചെടി സുഹൃത്ത്	:	

5. ചിത്രം വരച്ച് നിറം നൽകാം.

വിഷയം

ബക്കറ്റിൽ നീന്തി കളിക്കുന്ന തവളയുടെയും മഴ പെയ്യുന്ന പശ്ചാത്തലവും ചെടികളും വരച്ച് നിറം നൽകുക.

മാതൃക നോക്കി എഴുതാം.

വാക്ക് പയറ്റ് വായിച്ച് അവസാനത്തെ ഒന്നിന് ഉത്തരം നൽകുക.

മാതൃക		**1. പൂവ്**
ഏതു പൂവ്?	→	തെച്ചിപ്പൂവ്
ഏതുതെച്ചി?	→	നാട്ടുതെച്ചി
ഏതു നാട്?	→	മലനാട്
ഏതു മല ?	→	ആനമല
ഏതു ആന ?	→	കൊമ്പനാന (കുഴിയാന)

മാതൃക : 2 കഞ്ഞി

ഏതു കഞ്ഞി? → പാൽക്കഞ്ഞി

ഏതു പാൽ? → പശുവിൻപാൽ

ഏതു പശു? → നാട്ടുപശു

ഏതു നാട്? → നമ്മുടെ നാട്

നമ്മുടെ നാട് → തമിഴ്നാട്

എഴുതി പൂർത്തിയാക്കുക.

ഏതു വണ്ടി? → തീവണ്ടി

ഏതു തീ? → കാട്ടുതീ

ഏതു കാട്? → ----------

---------- → ----------

---------- → ----------

വായിക്കാം; എഴുതാം.

കഥ വായിച്ച് മനസ്സിലാക്കി ഈ മാതൃകയിൽ ഒരു പുതിയ കഥ എഴുതുക.

പച്ചത്തവളയുടെ പുതിയ സുഹൃത്ത്

ആ കുളക്കരയിൽ ഒറ്റപ്പെട്ടുപോയ പച്ചത്തവള കുറച്ചുനേരം സങ്കടത്തോടെ ഇരുന്നു. അവന്റെ നിറം കാരണം ആരും തന്നെ കൂടെ കൂട്ടുന്നില്ലല്ലോ എന്നതായിരുന്നു അവന്റെ വിഷമം.

എന്നാൽ പെട്ടെന്നാണ് കുളത്തിനടുത്തുള്ള ഒരു വലിയ താമരയില അനങ്ങുന്നത് അവൻ ശ്രദ്ധിച്ചത്.

അവിടെ ഒരു ചെറിയ തുമ്പി ഇരിക്കുന്നുണ്ടായിരുന്നു. തുമ്പിയും സങ്കടത്തിലായിരുന്നു.

'നീ എന്താ ഇവിടെ ഒറ്റയ്ക്ക് ഇരിക്കുന്നത്?' പച്ചത്തവള ചോദിച്ചു.

തുമ്പി മറുപടി പറഞ്ഞു: 'എന്റെ ചിറകുകൾക്ക് നിറം കുറവാണെന്ന് പറഞ്ഞ് മറ്റുള്ളവർ എന്നെ കളിയാക്കി. അതുകൊണ്ട് ഞാൻ ഇങ്ങോട്ട് മാറി വന്നതാണ്.'

ഇതുകേട്ടപ്പോൾ തവളയ്ക്ക് സന്തോഷമായി. തനിക്ക് മാത്രമല്ല ലോകത്ത് വിഷമങ്ങളുള്ളതെന്ന് അവൻ മനസ്സിലാക്കി. അവൻ തുമ്പിയോട് പറഞ്ഞു: 'സാരമില്ല, നിന്റെ ചിറകുകൾക്ക് നല്ല കരുത്തുണ്ടല്ലോ. എനിക്ക് നല്ല പച്ച നിറവുമുണ്ട്.

നമുക്ക് രണ്ടുപേർക്കും കൂട്ടുകാരായാലോ?'

ഒരു അപകടവും രക്ഷപ്പെടലും

അവർ സംസാരിച്ചിരിക്കുമ്പോഴാണ് ദൂരെ നിന്ന് ഒരു പാമ്പ് പതുക്കെ പുല്ലുകൾക്കിടയിലൂടെ വരുന്നത് കണ്ടത്. പാമ്പ് തവളയെ പിടിക്കാൻ ലക്ഷ്യമിട്ടാണ് വരുന്നത്.

തവള പേടിച്ചുപോയി. പക്ഷേ തുമ്പി പെട്ടെന്ന് പറന്നുയർന്നു. അവൻ പാമ്പിന്റെ കണ്ണുകൾക്ക് ചുറ്റും വേഗത്തിൽ പറന്ന് പാമ്പിന്റെ ശ്രദ്ധ തിരിച്ചു. ആ സമയം കൊണ്ട് പച്ചത്തവള വലിയൊരു ചാട്ടം ചാടി കുളത്തിലെ പായലുകൾക്കിടയിൽ ഒളിച്ചു. പച്ചനിറമായതുകൊണ്ട് പായലിനിടയിൽ തവളയെ കണ്ടെത്താൻ പാമ്പിന് കഴിഞ്ഞില്ല.

പാമ്പ് തോറ്റ് പിൻവാങ്ങിയപ്പോൾ തവള പുറത്തുവന്നു.

മാറ്റ്

തന്റെ നിറമാണ് ഇന്ന് രക്ഷിച്ചതെന്ന് തവള തിരിച്ചറിഞ്ഞു. അവൻ തന്റെ സുഹൃത്തായ തുമ്പിയോട് നന്ദി പറഞ്ഞു.

ഗുണപാഠം : നമ്മുടെ ശരീരത്തിന്റെ നിറമോ രൂപമോ അല്ല പ്രധാനം, നമ്മുടെ കഴിവും ആപത്തുഘട്ടത്തിൽ സഹായിക്കാനുള്ള മനസ്സുമാണ് നമ്മെ മികച്ചവരാക്കുന്നത്.

ഉചിതമായ ചിത്രം ഏത്?

കുളക്കരയിലെ കൂട്ടുകാർ: വഴിയരികിലെ കുളക്കരിൽ വിരിഞ്ഞുനിൽക്കുന്ന പൂക്കളും, കരയിൽ ഇരിക്കുന്ന ആമയും അവളെ നോക്കുന്നുണ്ട്. പക്ഷേ, പതിവായി കാണാറുള്ള തന്റെ പച്ചത്തവളയെയും തുമ്പിയെയും അവിടെ കാണാത്തത് അവളെ അൽപ്പം സങ്കടത്തിലാഴ്ത്തി. ഉചിതമായ ചിത്രം ഏത്?

ചിത്ര കാഴ്ചകൾ അടിസ്ഥാനമാക്കി നൽകിയിട്ടുള്ള വാക്യങ്ങളിലൂടെ അവയുടെ വിപരീത പദം എഴുതുക.

കാട്ടിലെ മൃഗങ്ങൾ കൂട്ടുകാരായി സന്തോഷത്തോടെ ഇരിക്കുന്ന ചിത്രവും അവയുമായി ബന്ധപ്പെട്ട ചില വിപരീതപദങ്ങളും താഴെ നൽകുന്നു.

ഈ ചിത്രത്തിലെ കാഴ്ചകളെ അടിസ്ഥാനമാക്കി പഠിക്കാൻ എളുപ്പമുള്ള ചില വിപരീതപദങ്ങൾ താഴെ പറയുന്നവയാണ്:

കൂട്ടുകാർ ×

(ചിത്രത്തിൽ ആനയും മാനും മുയലുമെല്ലാം കൂട്ടുകാരാണ്.)

സന്തോഷം ×

(മൃഗങ്ങളെല്ലാം സന്തോഷത്തോടെ കളിക്കുന്നു.)

വലിയ ×

(കൂട്ടത്തിൽ ഏറ്റവും വലിയ മൃഗം ആനയാണ്.)

മുകളിൽ ×

(കുരങ്ങൻ മരത്തിന് മുകളിൽ ആണ് ഉള്ളത് താഴെയുമാണ്.)

പകൽ ×

(ചിത്രത്തിൽ നല്ല വെളിച്ചമുള്ള പകൽസമയമാണ്.)

അടുത്ത് ×

(മുയൽ മരത്തിന്റെ അടുത്ത് ആണ് ഉള്ളത്.)

വാക്യത്തിൽ പ്രയോഗിക്കുക.

താഴെ നൽകിയിരിക്കുന്ന പദങ്ങൾ ഉപയോഗിച്ച് സ്വന്തമായി വാക്യങ്ങൾ എഴുതുക:

കരുതൽ: (ഉദാഹരണം: മുതിർന്നവരോട് നമ്മൾ എപ്പോഴും കരുതൽ കാണിക്കണം.)

ആകാശം :

സമ്മാനം :

പ്രവർത്തനം:

പക്ഷികളെ അറിയാം

നിങ്ങളുടെ വീടിന്റെ പരിസരത്ത് കാണുന്ന അഞ്ച് പക്ഷികളുടെ പേര് എഴുതുക. അവയ്ക്ക് ഇഷ്ടപ്പെട്ട ആഹാരം എന്താണെന്ന് മുതിർന്നവരോട് ചോദിച്ച് മനസ്സിലാക്കി എഴുതുക.

ചിത്രം നോക്കി വായിക്കാം

അപ്പുവും മാവും
കുഞ്ഞിക്കുരുവികളും

കാറ്റും മഴയും താഴെ
വീഴുന്ന കുരുവിയും

പഞ്ഞിയും മരുന്നും
ഉപയോഗിച്ച്
ശ്രദ്ധയോടെ പരിചരണം

രണ്ടാഴ്ചത്തെ
സുഖപ്പെടുത്തൽ

കുഞ്ഞിക്കുരുവിയും
അപ്പുവും തമ്മിലുള്ള
സ്നേഹം

അപ്പുവിനോട് യാത്ര
പറഞ്ഞു പറന്നുയരുന്ന
കുരുവി.

താഴെ നൽകിയിരിക്കുന്ന വാക്യങ്ങളിലെ അടിവരയിട്ട പദങ്ങളിൽ ചില അക്ഷരങ്ങൾ വിട്ടുപോയിട്ടുണ്ട്. അവ കണ്ടെത്തി എഴുതുക.

1. അപ്പുവിന്റെ വീടിന് മുറ്റത്ത് വലിയൊരു മാ _____ ഉണ്ടായിരുന്നു.
2. മഴയത്ത് കൂടു തകർന്ന് കു _____ വി താഴെ വീണു.
3. കുട്ടൻ കുരുവിക്ക് ധാന്യ _____ ണികൾ ഭക്ഷണമായി നൽകി.
4. മുറിവേറ്റ ചിറകിൽ അമ്മ മ _____ ന്ന് പുരട്ടിക്കൊടുത്തു.
5. പരിക്ക്മാറിയപ്പോൾ കുരുവി സന്തോഷത്തോടെ ആ ___ ശ ___ യ്ക്ക് പറന്നു.

ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക

കർഷകൻ

കർഷകർ നമ്മുടെ രാജ്യത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആളുകളാണ്. അവർ തങ്ങളുടെ കഠിനശ്രമത്തിലൂടെ നമുക്ക് ഭക്ഷണം നൽകുന്നു. കർഷകർ കൃഷിയിടങ്ങളിൽ പ്രവർത്തിച്ച് വിത്തുകൾ നട്ടും, വിളകൾ വളർത്തിയും അവയിൽ പരിപാലനം നടത്തി പോഷകങ്ങളായ ഭക്ഷ്യവസ്തുക്കളെ നമുക്ക് എത്തിക്കുന്നു. അവർ മഴയും സൂര്യ പ്രകാശവും സഹിച്ച് കൃഷി ചെയ്യുന്നു. കർഷകന്റെ ജോലി വളരെ ബുദ്ധിമുട്ടുള്ളതായിരിക്കവെ, അത് നമ്മുടെ ജീവിതത്തിന് വളരെ പ്രധാനമാണ്. കർഷകർ ഇല്ലാതെ, നമുക്ക് ഭക്ഷണം ലഭിക്കുമോ? അതിനാൽ, കർഷകരെ "അന്നദാതാവ്" എന്ന് വിശേഷിപ്പിക്കുന്നു.

1. കർഷകർ എന്ത് ചെയ്യുന്നു?

   അ) സ്കൂളിൽ പോകുന്നു

   ആ) കൃഷിയിടങ്ങളിൽ ജോലി ചെയ്യുന്നു

   ഇ) നഗരത്തിൽ താമസം

   ഈ) കാറുകൾ ഓടിക്കുന്നു

2. കർഷകർ എന്ത് വളർത്തുന്നു?

   അ) പൂക്കൾ ആ) വിളകൾ ഇ) മൃഗങ്ങൾ ഈ) മരങ്ങൾ

3. കർഷകർ എന്തു സഹിക്കുന്നു?

   അ) തണുപ്പ് ആ) മഴയും സൂര്യപ്രകാശവും

   ഇ) പനി ഈ) ശബ്ദം

4. കർഷകന്റെ ജോലി എങ്ങനെ ആണ്?

   അ) എളുപ്പമാണ് ആ) ബുദ്ധിമുട്ടാണ്

   ഇ) ഇഷ്ടപ്പെടുന്നു ഈ) വേഗത്തിൽ തീരുന്ന

5. കർഷകരെ എന്തെന്ന് വിളിക്കാം?

   അ) ശാസ്ത്രജ്ഞർ ആ) സംഗീതജ്ഞർ

   ഇ) അന്നദാതാവ് ഈ) എഴുത്തുകാരൻ

ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക

ദീപാവലി

ദീപാവലി ഒരു വളരെ സന്തോഷകരമായ ആഘോഷമാണ്. ഇത് തുലാമാസത്തിലെ അമാവാസി ദിവസം ആഘോഷിക്കുന്നു. ഈ ദിവസം ആളുകൾ തങ്ങളുടെ വീടുകൾ അലങ്കരിച്ച്, ദീപങ്ങൾ തെളിയിക്കുകയും മിഠായികൾ കഴിക്കുകയും ചെയ്യുന്നു. കുട്ടികൾ പടക്കങ്ങൾ പൊട്ടിക്കുകയും, വീട്ടിൽ ലക്ഷ്മി മാതാവിനെ പൂജ ചെയ്യുകയും ചെയ്യുന്നു. ദീപാവലി ദിവസത്തിൽ ആളുകൾ അവരുടെ സുഹൃത്തുക്കൾക്കും ബന്ധുക്കൾക്കും സമ്മാനങ്ങൾ നൽകി ആശംസകൾ പ്രകടിപ്പിക്കുന്നു. ഈ ദിവസം നന്മ തിന്മയുടെ മേൽ നേടിയ വിജയത്തിന്റെ പ്രതീകമാണ്.

1. ദീപാവലി എപ്പോൾ ആഘോഷിക്കപ്പെടുന്നു?

   അ) ചിങ്ങമാസം ആ) ധനു മാസം

   ഇ) തുലാം മാസം ഈ) കുംഭ മാസം

2. ദീപാവലിയിൽ ആളുകൾ എന്തു ചെയ്യുന്നു?

   അ) ഉപവാസം ചെയ്യുന്നു ആ) ദീപങ്ങൾ തെളിയിക്കുന്നു

   ഇ) വെള്ളം കുടിക്കുന്നു ഈ) സ്കൂളിൽ പോകുന്നു

3. ദീപാവലിയിൽ ആരെ പൂജ ചെയ്യുന്നു?

   അ) ശിവഭഗവാൻ ആ) ഗണേശൻ

   ഇ) ലക്ഷ്മി മാതാവ് ഈ) സരസ്വതി മാതാവ്

4. ദീപാവലിയിൽ കുട്ടികൾ എന്തു ചെയ്യുന്നു?

   അ) പഠിക്കുന്നു ആ) മിഠായികൾ കഴിക്കുന്നു

   ഇ) പടക്കങ്ങൾ പൊട്ടിക്കുന്നു ഈ) പൂക്കൾ വളർത്തുന്നു

5. ദീപാവലിയിൽ ആളുകൾ എന്ത് കൊടുക്കുന്നു?

   അ) പുസ്തകങ്ങൾ ആ) സമ്മാനങ്ങൾ

   ഇ) പഴങ്ങൾ ഈ) വസ്ത്രങ്ങൾ

കി ഖി ഗി ഘി ങി ചി ഛി ജി ഝി ഞി ടി ഠി ഡി ഢി ണി

ഞാൻ വായിക്കും

മി നി യി ചി ടി തി നി പി രി ധി കി റി
ലി വി ശി ഹി ളി ടി

കിളി	കിണർ	അരിവാൾ	ഇടിമിന്നൽ
ഗിരി	നിമിഷം	നിറങ്ങൾ	തിരുവാതിര
ചിരി	വിഷമം	അഭിമാനം	വിനോദങ്ങൾ
തിരി	ശിഖരം	വിശേഷം	വിദ്യാർഥി
നിധി	കിരണം		അവിവേകം

കിളി
പറക്കുന്ന കിളി
ചില്ലയിൽ നിന്ന്
പറക്കുന്ന കിളി

മഴ
മഴപെയ്തു
ഹിമ മഴ പെയ്തു.

ആകാശത്ത് ഇടിമിന്നൽ
ഇടിമിന്നൽ വന്നു
കുട്ടി ചിരിക്കുന്നു
വിമാനം ആകാശത്ത് പറക്കുന്നു.
കടലിൽ വലിയ തിരകൾ ഉണ്ട്.
മഴപെയ്താൽ ഇടിമിന്നൽ ഉണ്ടാകും.
ഇലകൾ പച്ചനിറമാണ്.

ഷി സി ഹി ളി റി

തി ഥി ദി ധി നി പി ഫി ബി ഭി മി യി രി ലി വി ശി

കീ ഖീ ഗീ ഘീ ങീ ചീ ഛീ ജീ ഝീ ഞീ ടീ ഠീ ഡീ ഢീ ണീ

തീ ഥീ ദീ ധീ നീ പീ ഫീ ബീ ഭീ മീ യീ രീ ലീ വീ ശീ

ഞാൻ വായിക്കും

കീ രീ തീ നീ ണീ ടീ മീ ശീ ഹീ പീ വീ ലീ ധീ ജീ ളീ ചീ

കീരി	പീരങ്കി	ചീരകൾ	കീർത്തനങ്ങൾ
നീര്	നീന്തൽ	കീടങ്ങൾ	തീരപ്രദേശം
മീൻ	ശീതളം	മീനുകൾ	വീര വിനോദം
രീതി	തീവണ്ടി	വീണകൾ	തീവണ്ടി നിലയം
വീട്		നീലനിറം	പീരങ്കിപ്പട

തീവണ്ടി

ഓടുന്ന തീവണ്ടി

പാളത്തിൽ ഓടുന്ന തീവണ്ടി

മീൻ

തുള്ളിച്ചാടുന്ന മീൻ

വെള്ളത്തിൽ തുള്ളിച്ചാടുന്ന മീൻ

മീൻ വെള്ളത്തിൽ നീന്തുന്നു.

ചീര കഴിക്കുന്നത് നല്ലതാണ്.

കീശനിറയെ കാശുണ്ട്.

വീണ തീവണ്ടിയിൽ കയറി.

കീർത്തി ചീര കഴിച്ചു.

പീലി വിടർത്തി മയിൽ ആടി.

ഷീ സീ ഹീ ളീ റീ

ഞാൻചെയ്യും:

1. പക്ഷിത്തീറ്റ പാത്രം നിർമ്മാണം

ഉപയോഗശൂന്യമായ പ്ലാസ്റ്റിക് കുപ്പിയോ ചിരട്ടയോ ഉപയോഗിച്ച് പക്ഷികൾക്ക് വെള്ളം കുടിക്കാനും ധാന്യങ്ങൾ ഇടാനും ഒരു പാത്രം നിർമ്മിച്ച് മുറ്റത്തോ ബാൽക്കണിയിലോ തൂക്കിയിടാം.

1

2

3

4

5

6

ഒരു സന്ദേശം തയ്യാറാക്കാം:

പക്ഷികൾക്ക് വെള്ളം നൽകുക

മൃഗങ്ങളെ സ്നേഹിക്കുക

Standard 3 - Term-I - Textbook Development Team - Malayalam

Subject Experts

Dr. P.M. Girish

Prof. in Malayalam Language,

Madras University,

Chennai.

Reviewers

Shaji M.R

PG. ASST,

St. Thomas HSS,

Coimbatore District.

Sreehari. R

PG. ASST,

Kerala Vidyalayam HSS,

Chennai - 600084.

Authors

Deepu. V

Sec. Grade Teacher,

PUPS, Pandalur, Gudalur Block,

The Nilgiris.

R.N. Krishnan

Sec. Grade Teacher,

Aided Primary School, Mottakkala,

Kanniyakumari Dist - 629152.

Sreeja V.R.

Sec. Grade Teacher,

Kerala Vidyalayam Primary School,

PH Road, Chennai - 600084.

Co-ordinator

Dr. T. Jayagandhi,

Senior Lecturer,

SCERT, Chennai - 600006.

Art and Design Team

M. Amalraj,

Layout Coordinator,

BT Asst., SCERT, Chennai

Manikaraj Prabahar M.A

Poornachandran T.K

Vinoth Kumar .V

Illustration

K. Veeravel Murugan

Govt. ADW HS School, Vandurayanpattu,

Bhuvanagiri Block, Cuddalore Dt.

Cover design

Kathir Arumugam

This book has been printed on 80 G.S.M.
Elegant Maplitho paper.

Printed by offset at: